# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**ഫോൺ :0471-2324997,2327630.ഫാക്സ്: 0471-2324997.** E mail - kstatvm@gmail.com


---

**ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി** **17.09.2012**

കേരള സർക്കാർ, തിരുവനന്തപുരം.

സർ,

**വിഷയം:-** **സ്കൂൾ കരിക്കുലം റിവിഷൻ സംബന്ധിച്ച്**

**സൂചന:-** **(1) 19.07.2012 ന് വിദ്യാഭ്യാസമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല അവലോകന യോഗതീരുമാനം**

**(2) D. No. 4-8/2012 EE4 IHRD Minister 18.04.2012**

**(3) No. 1282/VVIP/12 (Edn)**

മേൽസൂചന (1) അനുസരിച്ച് സ്കൂൾ കരിക്കുലം റിവിഷൻ പ്രക്രിയ ആരംഭിക്കുന്നതിന് എസ്.സി.ഇ.ആർ.ടി യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. എസ്.സി.ഇ.ആർ.ടി നടപടികളുമായി മുന്നോട്ടു പോകുകയാണ്. ആർ.ടി.ഇ ആക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 18.04.2012 ന് കേന്ദ്രമാനവവിഭവ വകുപ്പുമന്ത്രാലയം കേരളത്തിലെ വിദ്യാഭ്യാസമന്ത്രിക്കയച്ച കത്തിലെ പത്തിന അജയിലെ 4-ാംമത്തെ ഇനമാണ് പാഠ്യപദ്ധതി പരിഷ്ക്കരണം ആരംഭിക്കുന്നതിനുള്ള തീരുമാനത്തിന്റെ അടിസ്ഥാനം എന്നു കരുതുന്നു. ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ടി.എ യ്ക്കുള്ള ഉത്ക്കണ്ഠയും ആശങ്കയും അറിയിക്കാൻ ആഗ്രഹിക്കുന്നു.

1. കേരളാ പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ് 2007) നിലവിൽ വന്നിട്ട് 5 വർഷം തികയുന്നതേയുള്ളൂ. 1997 ൽ നിലവിൽ വന്ന പാഠ്യപദ്ധതി പരിഷ്ക്കരിക്കാൻ തീരുമനിച്ചത് 2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (എൻ.സി.എഫ് - 2005) ചുവടുപിടിച്ചാണ്. എൻ.സി.ഇ.ആർ.ടി യുടെ നിർദ്ദേശംകൂടി പരിഗണിച്ചാണ് ഇവിടെ പാഠ്യപദ്ധതി പരിഷ്ക്കരിച്ചത്. എൻ.സി.എഫ് 2005 ന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരണം സമയബന്ധിതമായി പൂർത്തിയാക്കിയ ഇന്ത്യയിലെ ഏകസംസ്ഥാനം കേരളമാണ്. മറ്റു സംസ്ഥാനങ്ങളിൽ പരിഷ്ക്കരണ പ്രവർത്തനം പൂർത്തിയായിട്ടില്ല. പരിഷ്ക്കരണ നടപടി പൂർത്തിയാക്കാത്ത സംസ്ഥാനങ്ങളെ മാത്രം ബാധിക്കുന്നതാണ് കേന്ദ്ര ഗവൺമെന്റ് അയച്ച കത്തിലെ അജ യിലുള്ള 4-ാം മത്തെ ഇനം.
2. പാഠ്യപദ്ധതി പരിഷ്ക്കരണം പൂർത്തിയാക്കുകയും അതിന്റെ അടിസ്ഥാത്തിൽ സിലബസ് രൂപീകരണവും പാഠപുസ്തക പരിഷ്ക്കരണവും പത്താംക്ലാസുവരെ നടന്നു. ഹയർസെക്കന്ററി ക്ലാസുകളിൽ ഇതുവരെയും ആരംഭിച്ചിട്ടില്ല. പാഠ്യപദ്ധതി പരിഷ്ക്കരണം, പരിഷ്ക്കരിച്ച പാഠപുസ്തകങ്ങൾ എന്നിവ എൻ.സി.ഇ.ആർ.ടി യുടെ പ്രത്യേക അഭിനന്ദനം നേടിയുട്ടള്ളതാണ്. കേരളത്തെ മാതൃകയായി സ്വീകരിക്കണമെന്ന് മറ്റുസംസ്ഥാനങ്ങൾക്ക് നിർദ്ദേശവും നൽകിയിട്ടു് (കോവളത്ത് 2010 ഫെബ്രുവരിമാസം നടന്ന എസ്.സി.ഇ. ആർ.ടി ഡയറക്ടർമാരുടെ ശില്പശാല).
3. കെ.സി.എഫ് - 2007 ലെ നിരവധി ആശയങ്ങൾ നടപ്പിലാക്കേ തു്. സിലബസിന്റെ സവിശേഷതലം (Advanced Level), ഘടനമാറ്റം തുടങ്ങി നിരവധി നിർദ്ദേശങ്ങൾ പരിശോധിച്ചു നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ വകുപ്പ് ചെയ്യേ ത് .

4. സിലബസ്, പാഠപുസ്തകം എന്നിവ പരിഷ്ക്കരിക്കുന്നതുപോലെ പാഠ്യപദ്ധതി പരിഷ്ക്കണത്തെക്കുറിച്ച് പറയുന്നത് സാഹസമാണെന്നാണ് ചൂിക്കാണിക്കാനുള്ളത്. നിലവിലുള്ള പാഠ്യപദ്ധതി പരിഷ്ക്കരിക്കേിവരുന്നത് വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിലാവണം. അതിനാവശ്യമായ ശാസ്ത്രീയപഠനം നടത്താതെ കരിക്കുലം റിവിഷൻ നടത്താൻ തീരുമാനിച്ചത് ആശങ്കയുളവാക്കുന്ന കാര്യമാണ്. ഇക്കാര്യത്തെക്കുറിച്ച് പുനരാലോചന നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

5. 2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിലെ സമീപനങ്ങൾക്കും സൈദ്ധാന്തിക അടിത്തറയ്ക്കും അനുയോജ്യമായ സമീപനം രൂപപ്പെടുത്തുക, വിവിധ ഫോക്കസ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നിലപാട് രേഖകൾ (പൊസിഷൻ പേപ്പേഴ്സ്) തയ്യാറാക്കുക, ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അനുയോജ്യമായ പാഠ്യപദ്ധതി ചട്ടക്കൂട് (കരിക്കുലം ഫ്രെയിം വർക്) തയ്യാറാക്കുക, ഇവ വിവിധ തലങ്ങളിൽ ചർച്ച ചെയ്യുക തുടങ്ങിയ ദൈർഘ്യമേറിയ പ്രക്രിയകൾ ഇല്ലാതെ പാഠ്യപദ്ധതി പരിഷ്ക്കരണം എങ്ങനെ നടപ്പിലാക്കും എന്ന് വ്യക്തമാക്കേതു്.

6. സിലബസ് പരിഷ്ക്കരണവും അതിന്റെ അടിസ്ഥാനത്തിലുള്ള പാഠപുസ്തക പരിഷ്ക്കരണവും നടത്താൻ തീരുമാനിച്ചതിനെ സ്വാഗതം ചെയ്യുന്നു. പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങൾക്ക് നിരക്കുന്ന പാഠപുസ്തക പരിഷ്ക്കരണ നടപടികൾക്ക് എല്ലാവിധ പിന്തുണയും സംഘടന വാഗ്ദാനം ചെയ്യുന്നു.

7. 1–ാം ക്ലാസുമുതൽ 8–ാം ക്ലാസുവരെയുള്ള പാഠപുസ്കങ്ങൾ 2014–15 ലും 9 മുതൽ 12 വരെയുള്ള പാഠപുസ്തകങ്ങൾ 2015–16 ലും പരിഷ്ക്കരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഒറ്റയടിക്ക് ഇത്രയധികം പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ച് സ്കൂളുകളിൽ എത്തിക്കാനുള്ള സംവിധാനവും വിഭവങ്ങളും കേരളത്തിലില്ലെന്നാണ് കഴിഞ്ഞകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ചൂിക്കാണിക്കാനുള്ളത്. 2013 മാർച്ചിൽ ട്രൈഔട്ടിന് 1 മുതൽ 8 വരെയുള്ള പാഠപുസ്തകങ്ങളുടെ കരട് ചർച്ചക്ക് ലഭിക്കണമെന്നും നിർദ്ദേശിച്ചിട്ടു്. എസ്.സി.ഇ.ആർ.ടി യുടെ വിഭവ പരിമിതി ഗൗരവത്തോടെ കാണണമെന്ന് അഭ്യർത്ഥിക്കുന്നു. നിലവിലുള്ള ഫാക്കൽറ്റികൾക്ക് ഇത് ചെയ്യാനുള്ള പ്രാപ്തിയില്ലെന്ന് ചൂിക്കാണിക്കാൻ ആഗ്രഹിക്കുന്നു. മുൻകാല അനുഭവങ്ങൾ കൂടി പരിശോധിച്ച് പാഠപുസ്തക പരിഷ്ക്കരണം നടക്കണമെങ്കിൽ സാവകാശം ആവശ്യമാണെന്നാണ് സംഘടനയുടെ അഭിപ്രായം. (മുൻകാലങ്ങളിൽ വിവിധ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഘട്ടം ഘട്ടമായാണ് പരിഷ്ക്കരിച്ചത്).

8. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് രൂപീകരിച്ച സാഹചര്യം ശ്രദ്ധയിൽകൊുവരാൻ ആഗ്രഹിക്കുന്നു. എൻ.ഡി.എ ഗവൺമെന്റിന്റെ കാലത്ത് സ്കൂൾ പാഠ്യപദ്ധതിയും ചരിത്രവും കാവിവൽക്കരിക്കാൻ നടത്തിയിരുന്ന ശ്രമം വലിയ വിവാദങ്ങളുാക്കിയിരുന്നു. സ്കൂൾ പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിലെ മതേതരമൂല്യവും കുട്ടികൾക്കുാവേ ജനാധിപത്യ – മാനവിക മൂല്യങ്ങളും ഇല്ലാതാക്കുകയായിരുന്നു അവരുടെ ലക്ഷ്യം.

ഒന്നാം യു.പി.എ സർക്കാർ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കാൻ തീരുമാനിച്ചത് ഈ പശ്ചാത്തലത്തിലാണ്. ഭാവിതലമുറയിൽ മതേതരത്വം, ജനാധിപത്യം, മാനവികത എന്നീ മൂല്യങ്ങൾ വളർത്തുക എന്നത് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ സുപ്രധാനമായ കാഴ്ചപ്പാടാണ്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 നിലവിൽ വന്നതും ഇതിന്റെ അടിസ്ഥാനത്തിലാണ്. ഈ യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്തുമാത്രമേ കരിക്കുലം റിവിഷനിലേക്ക് പോകാവൂ എന്നാണ് കെ.എസ്.ടി.എ യുടെ അഭിപ്രായം. ധൃതിപിടിച്ച് കരിക്കുലം റിവിഷനിലേക്ക് പോകുന്നത് കേരളം ആർജ്ജിച്ച മതേതര ജനാധിപത്യമൂല്യങ്ങൾക്ക് ഹാനികരമാകുമെന്നും സാമുദായിക വർഗ്ഗീയവാദികളുടെ ഇടപെടലിന് വഴിയൊരുക്കുമെന്നും ഞങ്ങൾ ഭയക്കുന്നു. കേരളത്തിലെ പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കാൻ സർക്കാർ കൊുവരുന്ന നടപടികളുമായി സംഘടന സഹകരിക്കും. പൊതുവിദ്യാലയങ്ങളുടെ തകർച്ചയ്ക്ക് വഴിയൊരുക്കുന്ന നടപടികളെ യാതൊരുകാരണവശാലും അംഗീകരിക്കില്ലെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി